**പതിനാലാം കേരള നിയമസഭ**

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2342 **17.08.2017**-ലെ മറുപടിക്ക്

**<u>പട്ടികജാതിക്കാരുടെ പുനരധിവാസം</u>**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ആർ. രാമചന്ദ്രൻ** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതിക്കാരായ ഭവന രഹിതരുടെയും ഭൂരഹിതരുടെയും പുനരധിവാസത്തിന് സ്വീകരിച്ചു വരുന്ന നടപടികൾ വിശദീകരിക്കുമോ; | (എ) | 50,000/- രൂപയിൽ താഴെ വാർഷിക വരുമാനമുള്ള ഭൂരഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് ഗ്രാമപഞ്ചായത്ത് പരിധിയിൽ 5 സെന്റ് ഭൂമി വാങ്ങുന്നതിന് 3,75,000/- രൂപയും, മുനിസിപ്പാലിറ്റി പരിധിയിൽ 3 സെന്റ് ഭൂമി വാങ്ങുന്നതിന് 4,50,000/- രൂപയും, കോർപ്പറേഷൻ പരിധിയിൽ 3 സെന്റ് ഭൂമി വാങ്ങുന്നതിന് 6,00,000/- രൂപയും ധനസഹായം നൽകി വരുന്നു. പട്ടികജാതി വിഭാഗത്തിൽപ്പെട്ട ദുർബല വിഭാഗങ്ങളായ വേടർ, നായാടി, ചക്ലിയ/അരുന്ധതീയർ, കള്ളാടി വിഭാഗത്തിൽപ്പെട്ടവർക്ക് കുറഞ്ഞത് 5 സെന്റ് ഭൂമി വാങ്ങുന്നതിന് 3,75,000/- രൂപയും അനുവദിച്ചു നൽകുന്നുണ്ട്. സ്വന്തമായി ഭൂമിയുള്ള 50,000/- രൂപ വാർഷിക വരുമാനമുള്ള ഭവനരഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് വീട് നിർമ്മിക്കുന്നതിന് ഭവന നിർമ്മാണ ധനസഹായ പദ്ധതി പ്രകാരം 3,00,000/- രൂപയും ദുർബല വിഭാഗ ഭവന പുനരധിവാസ പദ്ധതി പ്രകാരം 3,50,000/- രൂപയും ധനസഹായം അനുവദിച്ച് വരുന്നുണ്ട്. കൂടാതെ 2007-08 മുതൽ അനുവദിച്ച വീടുകളിൽ പണി പൂർത്തിയാക്കാതെ അവശേഷിക്കുന്ന വീടുകളുടെ പൂർത്തീകരണത്തിനായി സ്പിൽ ഓവർ പദ്ധതി പ്രകാരം പുതുക്കിയ നിരക്കിന് ആനുപാതികമായ നിരക്കിൽ ധനസഹായം അനുവദിക്കുന്നുണ്ട്. ഇതിന് പുറമേ 2007-08 മുതൽ 2013-14 വരെ അനുവദിച്ചവയിൽ പഴയ |

| | | | |
|---|---|---|---|
| | | | നിരക്കിൽ തുക കൈപ്പറ്റി പണി പൂർത്തിയാക്കാത്ത കുടുംബങ്ങൾക്ക് നിശ്ചിത ഘട്ടം പണി പൂർത്തീകരിക്കുന്നതിന് ഒടുവിൽ വാങ്ങിയ തുക, രണ്ട് ലക്ഷം രൂപയ്ക്ക് ആനുപാതികമായ നിരക്കിൽ, അധിക ധനസഹായമായി നൽകുന്നുമുണ്ട്. |
| ബി) | സംസ്ഥാനത്ത് ഭൂരഹിതരായ എത്ര പട്ടികജാതിക്കാരുണ്ട്; ഭവനരഹിതരായ എത്ര കുടുംബങ്ങളുണ്ട്; വ്യക്തമാക്കുമോ; | (ബി) | 2009-ൽ 'കില' നടത്തിയ സർവ്വേ പ്രകാരം, സംസ്ഥാനത്ത് 30698 ഭൂരഹിതരായ പട്ടികജാതി കുടുംബങ്ങളും, 26210 ഭവനരഹിതരായ പട്ടികജാതി കുടുംബങ്ങളും ഉണ്ട്. |
| (സി) | ഭൂരഹിതരായ മുഴുവൻ പട്ടികജാതിക്കാർക്കും ഭൂമി നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ; | (സി) | ഭൂരഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് ഭൂമി വാങ്ങുന്നതിന് ഗ്രാമപഞ്ചായത്ത് പ്രദേശത്ത് 5 സെന്റിന് 3,75,000/- രൂപയും മുനിസിപ്പാലിറ്റി പ്രദേശത്ത് 3 സെന്റിന് 4,50,000/- രൂപയും കോർപ്പറേഷൻ പ്രദേശത്ത് 3 സെന്റിന് 6,00,000/- രൂപയും അനുവദിച്ചു വരുന്നുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം നടപ്പു സാമ്പത്തിക വർഷം 4583 പട്ടികജാതി കുടുംബങ്ങൾക്ക് ഭൂമി വാങ്ങി നൽകുന്നതിന് ഭൗതിക ലക്ഷ്യം നിശ്ചയിക്കുകയും നാളിതുവരെ 267 പേർക്ക് ഭൂമി വാങ്ങി നൽകിയ വകയിൽ 10,47,00,000/- രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ലൈഫ് മിഷന്റെ ഭാഗമായി നിർമ്മിക്കപ്പെടുന്ന ഫ്ലാറ്റ് സമുച്ചയങ്ങളിലും പട്ടികജാതിക്കാർക്ക് അർഹമായ പ്രാതിനിധ്യം ലഭിക്കുന്നതാണ്. |
| (ഡി) | ലൈഫ് പദ്ധതിയിലുൾപ്പെടുത്തി പട്ടികജാതിക്കാർക്ക് വീട് നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ? | (ഡി) | 2017-18 വർഷം വിവിധ വകുപ്പുകൾ മുഖേന നടപ്പാക്കിവരുന്ന ഭവന നിർമ്മാണ പദ്ധതികൾ ഏകോപിപ്പിച്ച് സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതി ലൈഫ് മിഷനിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. നിലവിൽ പൂർത്തിയാകാതെ അവശേഷിക്കുന്ന വീടുകളുടെ പൂർത്തീകരണവും ലൈഫ് മിഷൻ മുഖേന നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട് |

സെക്ഷൻ ഓഫീസർ